ഖുത്ബ
**25.02.2005**
ബയ്ത്തുൽ ഫുതൂഹ്
ലണ്ടൻ

بسم الله الرحمن الرحيم

# മുഹമ്മദ് (സ)
# മഹത്തായ ധാർമികഗുണങ്ങളിൽ നിലകൊള്ളുന്ന പ്രവാചകൻ

لَقَدْ كَانَ لَكُمْ فِي رَسُولِ اللَّهِ أُسْوَةٌ حَسَنَةٌ لِمَنْ كَانَ
يَرْجُو اللَّهَ وَالْيَوْمَ الْآخِرَ وَذَكَرَ اللَّهَ كَثِيرًا

കഴിഞ്ഞ രണ്ടു മൂന്നു ഖുത്ബകളിൽ ഞാൻ നബിയുടെ ജീവിതചരിത്രം എന്ന വിഷയം പ്രതിപാദിച്ചുതുടങ്ങിയിരിക്കുകയാണ്. അതിനു പെട്ടെന്നുണ്ടായ കാരണം, ചില ആക്ഷേപകർ നബി(സ)യുടെ മേൽ ഉന്നയിച്ച നിരർത്ഥകമായ ആക്ഷേപങ്ങളായിരുന്നു. ഇപ്പോൾ ഞാൻ കരുതുന്നത്, അവിടത്തെ ജീവിത ചരിത്രത്തിന്റെയും പരിശുദ്ധമായ ശീലങ്ങളുടെയും വിവിധ വശങ്ങളെടുത്ത് കുറച്ച് വിവരിക്കാമെന്നാണ്. അവിടത്തെ പരിശുദ്ധ ജീവിത ചരിത്രവും മഹത്തായ ധാർമികഗുണങ്ങളും സർവ്വോൽകൃഷ്ടമായ എല്ലാ സ്വഭാവങ്ങളെയും വലയം ചെയ്ത് നിൽക്കുന്ന ഒന്നാണ്. അതിനു പല വശങ്ങളുമുണ്ട്. അത് പൂർണ്ണമായും വിവരിക്കുക സാധ്യമായ കാര്യമല്ല. ഓരോ സ്വഭാവത്തിനും നിരവധി ഉദാഹരണങ്ങൾ പറയാനുണ്ട്. അവയെല്ലാം ഖുത്ബയിൽ പരമ്പരയായി പ്രതിപാദിക്കാനും ഒക്കുകയില്ല. എന്നാലും, ആ അത്യുന്നതമായ സ്വഭാവങ്ങളുടെ ചില ഉദാഹരണങ്ങൾ പറയാമെന്ന് ഞാൻ വിചാരിക്കുകയാണ്. അതിനും നിരവധി ഖുത്ബകൾ വേണ്ടിവരും.

എന്തായാലും, നമ്മുടെ ഈ പ്രിയങ്കരനായ നബിയുടെ സൗശീലങ്ങളും ജീവിതരീതികളും ജീവിതചരിത്രവുമടങ്ങുന്ന വിഷയം നമുക്കെല്ലാവർക്കും തീർച്ചയായും അനുഗ്രഹത്തിന് കാരണമാകുന്നതാണ്. അത് നമുക്ക് അനുഗ്രഹത്തിനും അവിടത്തെ ജീവിതത്തിന്റെ പലവശങ്ങളും ഓർമിക്കുന്നതിനും നമ്മുടെ ഉള്ളിൽ പരിശുദ്ധ മാറ്റങ്ങളുണ്ടാക്കുന്നതിനും കാരണമായി തീരുന്നതിനോടൊപ്പം മറ്റുള്ളവരുടെ മുമ്പിൽ നമ്മുടെ നബി ഹസ്റത്ത് മുഹമ്മദ് മുസ്തഫാ (സ)യുടെ ദിവ്യമായ ജീവിതത്തിന്റെ ഒളി വിതറുന്നതുമാണ്. ആ നബി ഉൽകൃഷ്ടമായ സ്വഭാവങ്ങളുടെ ഉടമയായിരുന്നുവെന്ന് അവർക്കും ബോധ്യമാകുന്നതാണ്. ആദ്യമെതന്നെ അറിയുന്നതാണെങ്കിലും അവർ ആഴത്തിലിറങ്ങിച്ചെന്ന് നോക്കാൻ ആഗ്രഹിക്കുന്നില്ല; പഴയകാര്യങ്ങൾ അവർ മറക്കുകയും ചെയ്യുന്നു.

ഞാൻ ഓതിയ വചനത്തിൽ അല്ലാഹു പറയുന്നു: നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ തീർച്ചയായും ഉത്തമമാതൃകയുണ്ട്. അതായത് അല്ലാഹുവിനെയും അന്ത്യനാളിനെയും ഭയപ്പെടുകയും അല്ലാഹുവിനെ അധികമായി സ്മരിക്കുകയും ചെയ്യുന്നവർക്ക്. (33:22)

അല്ലാഹുവിനെ ഭയപ്പെടുന്ന ഓരോ വ്യക്തിക്കും അന്ത്യനാളിൽ വിശ്വസിക്കുന്ന ഓരോ വ്യക്തിക്കും, അല്ലാഹുവിന്റെ മുമ്പിൽ ഹാജരായി കണക്കുബോധിപ്പിക്കേണ്ടിവരുമെന്ന ഭയമുണ്ടെങ്കിൽ, അവൻ അല്ലാഹുവിനെ ആരാധിക്കുന്നവനാണെങ്കിൽ, അല്ലാഹുവിനെ ആരാധിക്കുന്നവനാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവന് തീർച്ചയായും നബികരീം (സ)യുടെ ജീവിതമാതൃകയെ പിൻപറ്റേണ്ടിവരും. എന്തുകൊണ്ടെന്നാൽ ഈ ഉത്തമമാതൃകകളും ഉൽകൃഷ്ടസ്വഭാവങ്ങളും ഉദാത്തമായ ഉദാഹരണങ്ങളും ഹസ്റത്ത് മുഹമ്മദ് മുസ്തഫാ (സ)യിൽ മാത്രമെ ലഭിക്കുകയുള്ളു. ഉത്തമ സ്വഭാവങ്ങളിൽ വിരാജിക്കുന്ന ആരെങ്കിലുമുണ്ടെങ്കിൽ അത് ഹസ്റത്ത് മുഹമ്മദ് മുസ്തഫാ (സ) മാത്രമാണെന്ന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു. അവൻ പറഞ്ഞു: ***വ ഇന്നക്ക ല അലാ ഖുലുഖിൻ അളീം.*** അതായത് നീ നിന്റെ അധ്യാപനത്തിലും നിന്റെ പ്രവൃത്തിയിലും മഹത്തായ ധാർമികഗുണങ്ങളിൽ നിലകൊള്ളുന്നവനാണ്. (68:5)

ഹസ്റത്ത് മസീഹ് മൗഊദ് (അ) ഇത് സംബന്ധമായി പറയുന്നു: അതായത് നബി(സ) തന്റെ സത്തയിൽ എല്ലാ ഉൽകൃഷ്ടസ്വഭാവങ്ങളിലും സമ്പൂർണനും തികവുറ്റവനുമാണ്. അതിനപ്പുറം ചിന്തിക്കാനെ പറ്റില്ല. അതായത്, നബി(സ) തന്റെ ഉത്തമമായ സ്വഭാവങ്ങളിൽ സമ്പൂർണ്ണനാണ്. എത്രമാത്രം സമ്പൂർണനെന്നാൽ, അതിനെക്കാൾ കൂടുതൽ സങ്കല്പിക്കാനെ ഒക്കുകയില്ല. ***അളീം*** എന്ന പദം അറബി ഭാഷയിൽ പ്രയോഗിക്കുന്നത്, തന്റെ ഇനത്തിൽ തികവ് പൂർണ്ണമായും കരസ്ഥമാക്കിയിട്ടുള്ള വസ്തുവിന്റെ ഗുണത്തിനാണ്. അതായത് ഓരോ ഇനത്തിലും പരമമായ സ്ഥാനത്ത് എത്തിയിട്ടുള്ള വസ്തുവിന്റെ ഗുണത്തിന്. ഏതൊന്നിന്റെ മഹത്വം ചിന്തയ്ക്കതീതമായിരിക്കുന്നുവോ അതിനാണ് ***അളീം*** എന്നു പറയുന്നതെന്ന് ചിലർ പറഞ്ഞിട്ടുണ്ട്. ഇതാണ് നമ്മുടെ നബി(സ)യുടെ ഉത്തമമായ ധാർമികഗുണങ്ങൾ. ഇതിനെ സംബന്ധിച്ചാണ് അല്ലാഹു പറഞ്ഞത്, അതിന്റെ ഉന്നതമായ നിലവാരം വരെ നിങ്ങളുടെ ചിന്തയ്ക്ക് എത്താൻ സാധ്യമല്ല. അത് ചിന്തയ്ക്കതീതമാണ്. അത് ഒരു സത്യവിശ്വാ

സിയുടെ ചിന്തയ്ക്കുതന്നെ അതീതമാകുമ്പോൾ മറ്റുള്ളവരുടെ ചിന്തയെക്കുറിച്ച് എന്തു പറയാനാണ്. അവൻ തന്റെ ചിന്തയ്ക്കനുയോജ്യമായി അതിനെ വ്യാഖ്യാനിക്കാൻ തുടങ്ങും. തുടങ്ങിയാൽതന്നെ അതിന് ഒരു പരിമിതമായ വൃത്തമുണ്ടായിരിക്കും; അതും നന്മയിലേക്ക് പോകുകയാണെങ്കിൽ മാത്രം.

എന്തായാലും, നാം നമ്മുടെ കഴിവിന്നനുസരിച്ച് ആ ഉത്തമസ്വഭാവങ്ങളെ പിൻപറ്റാൻ ശ്രമിക്കുകയെന്നതാണ് നമുക്കുള്ള കല്പന. അല്ലാഹുവിന്റെ ഈ പ്രബലമായ സാക്ഷ്യമുണ്ടായിട്ടും-അവിടന്ന് മഹത്തായ ധാർമികഗുണത്തിൽ നിലകൊള്ളുന്നുവെന്ന സാക്ഷ്യമുണ്ടായിട്ടും അല്ലാഹുവിന്റെ സാമിപ്യം പ്രാപിക്കുന്നതിനും അവിടത്തെ കാലടികളെ പിൻപറ്റേണ്ടത് നിർബന്ധമാണെന്ന് അല്ലാഹു അറിയിച്ചിട്ടും ബലഹീനനായ ഒരു മനുഷ്യനായി തന്നെയാണ് നബി (സ) സ്വയം കരുതിയത്. അവിടന്ന് സാധാരണ ചെയ്യാറുണ്ടായിരുന്ന ഒരു ദുആ അവിടത്തെ ഈ മഹത്തായ ധാർമികഗുണത്തെ മറ്റൊരു ഉത്തുംഗ സ്ഥാനത്ത് കൊണ്ടെത്തിക്കുന്നു. അത് കാണുമ്പോൾ നാം അറിയാതെ നബിയുടെ മേൽ സ്വലാത്ത് ചൊല്ലിപ്പോകുന്നു.

ഹസ്റത്ത് ആയിശ(റ) പറയുന്നു: നബി(സ) ഇങ്ങനെ ദുആ ചെയ്യാറുണ്ടായിരുന്നു. അല്ലാഹുവേ! എന്റെ ആകൃതിയും രൂപവും നീ ഏതുപോലെ മനോഹരമാക്കിയോ അതുപോലെ എന്റെ സ്വഭാവങ്ങളും ശീലങ്ങളും നീ നല്ലതാക്കിത്തീർക്കേണമേ.

നോക്കുക, മനോഹരമായ ആകൃതിയും രൂപവമാണ് നബിയ്ക്കുള്ളത്. എന്നാൽ, അനിയന്ത്രിതമായി അല്ലാഹുവിന്റെ തിരുസന്നിധിയിൽ നബിയുടെ ഉള്ളിൽ നിന്ന് നന്ദിയുടെ വികാരം പുറത്തുവന്നുകൊണ്ടിരിക്കുന്നു. അതിനോടൊപ്പം പറയുന്നു, അല്ലാഹുവേ! ഈ നബി മഹത്തായ ധാർമിക ഗുണങ്ങളിൽ നിലകൊള്ളുന്നുവെന്ന് നീ പറഞ്ഞുകഴിഞ്ഞു. പക്ഷെ, ഞാൻ മനുഷ്യനാണ്. അത് കൊണ്ട് നീ എന്റെ സ്വഭാവങ്ങളും ജീവിതരീതിയും എപ്പോഴും നല്ലതാക്കിത്തന്നെ നിർത്തേണമേ. ഏതൊരു പരിശുദ്ധ മാതൃക സ്ഥാപിക്കാനുള്ള ചുമതലയാണോ നീ എനിക്ക് നല്കിയിട്ടുള്ളത് അത് നല്ലരീതിയിൽ നടപ്പാക്കാനുള്ള തൗഫീഖും നീ തരേണമേ.

ഈ ഉൽകൃഷ്ടസ്വഭാവവും വിനയത്തിന്റെ പരമമായ അവസ്ഥയും നോക്കുക. നീ മഹത്തായ ധാർമികഗുണങ്ങളിൽ നിലകൊള്ളുന്നുവെന്ന് അല്ലാഹു നബിയോട് പറയുന്നു. ഈ നബി(സ)യെ പിൻപറ്റാൻ ഉമ്മത്തിനോട് കല്പിക്കുന്നു. പക്ഷെ, അല്ലാഹുവേ! നീ എന്റെ സ്വഭാവങ്ങളും ജീവിതരീതികളും നല്ലതാക്കി നിലനിറുത്തേണമേയെന്ന് അവിടന്ന് ദുആ ചെയ്യുന്നു. ഭൗതികരായ ആളുകളുടെ അവസ്ഥ ഒന്നു പരിശോധിക്കുക. ഏതെങ്കിലും ഓഫീസർ തന്റെ കീഴിലുള്ള ആരെയെങ്കിലും ഒന്നു സ്തുതിച്ചാൽ അവന്റെ അഭിമാനം ആകാശത്തോളം ഉയരും! താനെന്തെക്കെയോ നിലകൈവരിച്ചിരിക്കുന്നുവെന്ന് അവന് തോന്നും. നബി(സ)യുടെ മേൽ ആക്ഷേപം ഉന്നയിക്കുന്നവർ ഒന്നു പറഞ്ഞുതരട്ടെ, മനുഷ്യ ചരിത്രത്തിൽ ഇത്തരത്തിലുള്ള ഒരു മനുഷ്യന്റെ രൂപം എവിടെയെങ്കിലും കാണുന്നുണ്ടോ? അല്ലാഹുവിന്റെ ഉൽകൃഷ്ടഗുണങ്ങൾ സ്വായത്തമാക്കുന്നതിനായിരുന്നു നബി(സ) എപ്പോഴും ശ്രമിച്ചുകൊണ്ടിരുന്നത്. അല്ലാഹു പറഞ്ഞിട്ടുള്ള കല്പനകൾ അനുസരിച്ച് തന്റെ ജീവിതമാക്കിത്തീർക്കാൻ ശ്രമിക്കുക. അഥവാ ജീവിക്കുക. അങ്ങനെ തന്റെ ഉമ്മത്തിന് തികവുറ്റതും സമ്പൂർണ്ണവുമായമാതൃകയായിത്തീരുക. അവിടന്ന് ഇത് സ്ഥാപിച്ചുകാണിക്കുകയും ചെയ്തു.

നബി(സ)യുടെ സ്വഭാവങ്ങൾ തികച്ചും വിശുദ്ധ ഖുർആൻ അനുസരിച്ചായിരുന്നുവെന്ന് ഹസ്റത്ത് ആയിശ(റ) പറയുന്നു. അല്ലാഹുവിന്റെ സന്തോഷത്തിൽ അവിടന്ന് സന്തോഷിച്ചിരുന്നു. അല്ലാഹുവിന്റെ വെറുപ്പ് അനുസരിച്ചായിരുന്നു നബി(സ)യും ആരെയെങ്കിലും വെറുക്കേണ്ടിവന്നാൽ വെറുത്തിരുന്നത്. നബി(സ) പറഞ്ഞു: ഉൽകൃഷ്ടസ്വഭാവങ്ങളുടെ പൂർത്തീകരണത്തിനായിട്ടാണ് ഞാൻ നിയോഗിക്കപ്പെട്ടിട്ടുള്ളത്. അവിടത്തെ സ്വഭാവത്തെകുറിച്ച് അറിയാൻ കഴിയുന്ന സംഭവങ്ങൾ ഒന്നോ രണ്ടോ അല്ല. ഇതു സംബന്ധിച്ച് അവിടത്തെ സഹധർമിണിയുടെ സാക്ഷ്യം മാത്രവുമല്ല ഉള്ളത്. കുടുംബജീവിതത്തെ ഊഹിച്ചെടുക്കാൻ ഭാര്യയുടെ സാക്ഷ്യം വലിയ സാക്ഷ്യം തന്നെയാണ്. ഭാര്യയുടെയും കുട്ടികളുടെയും സാക്ഷ്യത്തിലൂടെ തന്നെ ഒരാളുടെ വീട്ടിലെ അവസ്ഥകളും അയാളുടെ ഉൽകൃഷ്ട സ്വഭാവങ്ങളും മനസ്സിലാക്കാൻ കഴിയും. പക്ഷെ, നബി(സ)യെകുറിച്ച്, അവിടത്തെ ഉൽകൃഷ്ട സ്വഭാവത്തെക്കുറിച്ച് ആയിരക്കണക്കിന് ഉദാഹരണങ്ങൾ വിവിധ വിഭാഗങ്ങളിൽപ്പെട്ട ആളുകളിൽനിന്ന് ലഭിക്കുന്നു. വീട്ടിൽജോലിചെയ്യുന്നവർ ആ വീട്ടിലെ അവസ്ഥകളെക്കുറിച്ച് അറിയുന്നവരായിരിക്കും. പുറത്തുള്ള അവസ്ഥയെക്കുറിച്ചും അവർക്ക് അറിയാൻ കഴിയും. അത്തരം സേവകരിൽപ്പെട്ട ഒരാളായിരുന്നു ഹസ്റത്ത് അനസ് (റ). അദ്ദേഹം പറയുന്നു: ലോകരിൽവെച്ചേറ്റവുമധികം സൽസ്വഭാവങ്ങളുടെ ഉടമയായിരുന്നു നബി(സ). പത്തുപന്ത്രണ്ടുവർഷം ഞാൻ സേവനം ചെയ്തിട്ടുണ്ട്. പക്ഷെ, ഇന്നേവരെ എന്നിൽനിന്നുണ്ടായ ഏതെങ്കിലും വീഴ്ചയിലോ അബദ്ധത്തിലോ തെറ്റിലോ എന്നോട് കടുത്ത ഭാഷയിൽ അവിടന്ന് സംസാരിച്ചിട്ടില്ല.

ഹസ്റത്ത് ബറാഅ് ബിൻ ആസിബ് (റ) പറയുന്നു: നബി(സ) ജനങ്ങളിൽ ഏറ്റവുമധികം സൗന്ദര്യവാനും സൽസ്വഭാവിയുമായിരുന്നു. ഉൽകൃഷ്ട സ്വഭാവം മുഖത്തും പ്രതിഫലിക്കാറുണ്ട്. ഒരാൾ തന്റെ മുഖത്ത് എപ്പോഴും വെറുപ്പും വിദ്വേഷവും പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അയാളുടെ

ഉള്ളിൽ എത്ര നല്ല സ്വഭാവമാണെങ്കിലും കാണുന്നവർക്ക് അത് ബുദ്ധിമുട്ടുണ്ടാക്കും. നബി(സ)യുടെ മുഖകമലത്തിന്റെ സ്ഥിതിയെന്തായിരുന്നു? മന്ദഹാസം എപ്പോഴും മുഖത്ത് നിഴലിച്ചിരുന്നുവെന്ന് നിവേദനങ്ങളിൽവന്നിരിക്കുന്നു. ഹസ്റത്ത് അബ്ദുല്ലാഹിബ്നു ഹാരിസ് പറയുന്നു: നബി(സ)യെക്കാൾ അധികം പുഞ്ചിരിക്കുകയും മന്ദഹസിക്കുകയും ചെയ്യുന്ന ഒരാളെ ഞാൻ കണ്ടിട്ടില്ല.

സ്വഹാബിയായ ഹസ്റത്ത് ഖയ്സ് (റ) പറയുന്നു: അദ്ദേഹം ജരീരിബ്നു അബ്ദുല്ലാ ഇങ്ങനെ പറയുന്നതായി കേട്ടു: ഞാൻ ഇസ്‌ലാം സ്വീകരിച്ച കാലം മുതൽ നബി(സ)യെ കാണാൻ പോകുമ്പോഴൊന്നും അവിടന്ന് എന്നെ വിലക്കിയിട്ടില്ല. നബി(സ) അദ്ദേഹത്തെ കാണുമ്പോഴൊക്കെ പുഞ്ചിരിക്കുമായിരുന്നു.

ഹസ്റത്ത് ഉമ്മുമുഅ്‌വദ് (റ) നബി(സ)യുടെ വ്യക്തിത്വത്തെക്കുറിച്ച് ഇങ്ങനെ പറയുന്നു: ദൂരത്ത് നിന്ന് നോക്കുമ്പോൾ നബി(സ) ലോകരിൽവെച്ചേറ്റവുമധികം സൗന്ദര്യവാനായിരുന്നു; അടുത്തുനിന്നു നോക്കുമ്പോൾ അങ്ങേയറ്റം മധുരഭാഷിയും സൽസ്വഭാവിയും. നോക്കുമ്പോൾത്തന്നെ ഈ വ്യക്തി മൃദുസ്വഭാവിയും മൃദുല ഹൃദയനുമാണെന്ന് മനസ്സിലാകുമായിരുന്നു. ആ സൗന്ദര്യം ദൂരെനിന്ന് നോക്കുമ്പോൾ മറ്റു ബാഹ്യമായ സൗന്ദര്യങ്ങൾക്കെല്ലാം മങ്ങലേല്പിച്ചിരുന്നു. ആ മുഖത്തെ നേരിടാൻ പറ്റിയ സൗന്ദര്യമുള്ള ഒരു മുഖവുമില്ലായിരുന്നു. ദൂരെനിന്നുനോക്കുമ്പോൾ സൗന്ദര്യം പ്രകടമാകുകയും അടുത്തിടപഴകുമ്പോൾ മറ്റൊന്നായി കാണുകയും ചെയ്യുന്ന രീതിയിലുള്ള സൗന്ദര്യമല്ലായിരുന്നു അത്. പ്രത്യുത, ആ മനോഹരമായ മുഖംകാരണത്താൽ കൂടിക്കാഴ്ചയ്ക്കുള്ള അവസരം ഉണ്ടായിക്കൊണ്ടിരുന്നു. അവിടത്തെ ഉൽകൃഷ്ടസ്വഭാവവും അവിടത്തെ മൃദുലവും മധുരവുമായ സംഭാഷണവും ആ സൗന്ദര്യത്തിന് മാറ്റുകൂട്ടിയിരുന്നു.

ഹസ്റത്ത് ഉമ്മു മുഅ്‌വദ് (റ) നബി(സ)യുടെ സൗന്ദര്യത്തിന്റെ മനോഹരമായ ചിത്രമാണ് വരച്ചു കാണിച്ചത്. അടുത്തുനിന്നുനോക്കുമ്പോൾ അവിടന്ന് അങ്ങേയറ്റം മധുരഭാഷിയും സൽസ്വഭാവിയുമായിരുന്നു.

ജനങ്ങളുമായിട്ടുള്ള ഇടപാടുകളെക്കുറിച്ച് ഹസ്റത്ത് അലി(റ) നബി(സ)യുടെ സവിശേഷഗുണങ്ങൾ വിവരിച്ചുകൊണ്ട് പറഞ്ഞു: അവിടന്ന് ജനങ്ങളിൽ ഏറ്റവുമധികം വിശാലഹൃദയനും, സംസാരത്തിൽ ഏറ്റവുമധികം സത്യസന്ധനും അവരിൽ ഏറ്റവുമധികം മൃദുസ്വഭാവിയും സാമൂഹികജീവിതത്തിലും സമൂഹത്തോടുള്ള പെരുമാറ്റത്തിലും ഏറ്റവുമധികം ആദരണീയനും ബഹുമാന്യനുമായിരുന്നു. നബി(സ)യിൽ അസാമാന്യമായ സഹിഷ്ണുതയുണ്ടായിരുന്നു. സത്യവാനായിരുന്നിട്ടും ഏതെങ്കിലും കാര്യത്തിൽ നബിയോട് ആരെങ്കിലും അനാവശ്യം പറഞ്ഞാൽ അപ്പോഴും അവിടന്ന് ക്ഷമയും സഹനവും കാണിച്ചിരുന്നു.

ഒരിക്കൽ ഒരു യഹൂദി (സയ്ദിബ്നു സഅ്നത്ത്) നബിയോടു കടം തിരിച്ചുചോദിച്ചു. കടം വീട്ടേണ്ട അവധി എത്തിയിരുന്നില്ല. അതിനുമുമ്പേ അയാൾ കടം വാങ്ങിയ തുക നബിയോടു ചോദിച്ചു. ദ്വേഷപ്പെട്ടു. അവിടത്തെ ചുമലിലുണ്ടായിരുന്ന തട്ടം അയാൾ പിടിച്ചുവലിച്ചു. അപ്പോഴും വളരെ ശാന്തമായി നബി അയാളോട് സംസാരിച്ചു. കടത്തിന്റെ അവധിയെക്കുറിച്ചൊന്നും പറയാൻ നിന്നില്ല. മറിച്ച് അയാളുടെ ആവശ്യം സാധിപ്പിച്ചു കൊടുത്തു. അവിടത്തെ സൗന്ദര്യവും ഉൽകൃഷ്ട സ്വഭാവവും സത്യസന്ധതയും മുഖത്ത് എന്നും പ്രതിഫലിച്ചുകൊണ്ടിരുന്നു. പക്ഷഭേദം കാണിക്കാത്ത ഓരോരുത്തർക്കും അത് വ്യക്തമായും കാണാൻ കഴിഞ്ഞിരുന്നു.

ഹസ്റത്ത് അബ്ദുല്ലാഹിബ്നു സലാം (റ) പറയുന്നു: ഞാൻ നബി(സ)യുടെ മുഖകമലം കണ്ടപ്പോൾത്തന്നെ ഇതൊരു കള്ളവാദിയുടെ മുഖമാകാൻ ഇടയില്ലെന്ന് മനസ്സിലാക്കിയിരുന്നു. ഇസ്‌ലാം സ്വീകരിക്കുന്നതിനുമുമ്പ് യഹൂദികളുടെ വലിയ മത പണ്ഡിതനായിരുന്നു ഇദ്ദേഹം. പക്ഷെ, അല്ലാഹു അദ്ദേഹം ചെയ്ത ഏതോ നന്മ കാരണത്താൽ സത്യം പരിചയപ്പെടുത്തിക്കൊടുത്തു. നീതിയുടെ ദൃഷ്ടിയോടെ നോക്കിയപ്പോൾ അദ്ദേഹം അത് തിരിച്ചറിയുകയും ചെയ്തു. തീർച്ചയായും സത്യവാനും അല്ലാഹുവിന്റെ സവിശേഷമായ ഗുണങ്ങളിൽ നിലകൊള്ളുന്നതുമായ ഒരാളുടെ മുഖമാണിത്.

അവിടന്ന് പങ്കെടുത്തിട്ടുള്ള മജ്‌ലിസുകളുടെ സൗന്ദര്യങ്ങളും സൽപെരുമാറ്റത്തിന്റെ ദൃശ്യങ്ങളും നോക്കുക. ഹസ്റത്ത് ആയിശ (റ) നിവേദനം ചെയ്യുന്നു. സൽസ്വഭാവത്തിന്റെ കാര്യത്തിൽ നബി(സ)യെക്കാൾ വലിയ ഉടമസ്ഥൻ വേറെയാരുമുണ്ടായിരുന്നില്ല. നബി(സ)യുടെ സ്വഹാബിമാരോ വീട്ടിലുള്ള ആരെങ്കിലുമോ നബി(സ)യെ വിളിച്ചാൽ അവരുടെ വിളിക്ക് അവിടന്ന് ഉടനെ മറുപടി നല്കുമായിരുന്നു. ഹസ്റത്ത് ജരീർ ബിൻ അബ്ദുല്ലാ പറഞ്ഞു: ഞാൻ ഇസ്‌ലാം സ്വീകരിച്ച കാലം മുതൽ നബി(സ) എന്നെ നോക്കുമ്പോഴും നോക്കാത്തപ്പോഴുമെല്ലാം അവിടന്ന് മന്ദഹാസത്തോടെയിരിക്കുന്നതാണ് ഞാൻ കണ്ടിട്ടുള്ളത്. നബി(സ) തന്റെ സ്വഹാബിമാരോട് തമാശയും പറയുമായിരുന്നു. അവരുമായി ഇടപഴകുകയും സംസാരിക്കുകയും ചെയ്തിരുന്നു. അവരുടെ കുട്ടികളെ ഓമനിച്ചിരുന്നു. അതായത് നേരംപോക്കും തമാശയും പറയുകയും അവരെ തന്റെ മടിയിൽ ഇരുത്തുകയും ഓരോരുത്തരും വിളിക്കുമ്പോൾ അതിനുത്തരം നല്കുകയും ചെയ്തിരുന്നു. അവർ സ്വതന്ത്രരായാലും വേണ്ടില്ല അടിമകളായാലുംവേണ്ടില്ല അടിമസ്ത്രീയായാലും വേണ്ടില്ല ദരിദ്രനായാലും വേണ്ടില്ല. നഗരത്തിന്റെ

അങ്ങേയറ്റത്തുള്ള സ്ഥലമാണെങ്കിൽപോലും നബി (സ) രോഗികളെ സന്ദർശിക്കാൻ പോകുകയും ഒന്നും ചെയ്യാൻ കഴിവില്ലാത്തവരുടെ ക്ഷമായാചനം സ്വീകരിക്കുകയും ചെയ്തു. ഹസ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു. സംസാരിക്കുന്നതിനായി തന്റെ മുഖം ആരെങ്കിലും നബി (സ)യുടെ ചെവിയോട് അടുപ്പിച്ചാൽ, പറയുന്നയാൾ സ്വയം തന്റെ മുഖം മാറ്റുന്നതുവരെ അവിടന്ന് തല പിന്നോട്ട് നീക്കുമായിരുന്നില്ല. അന്യേന്യം കണ്ടുമുട്ടുമ്പോൾ സലാം ചൊല്ലുകയും കൈകൊടുക്കുകയും ചെയ്യുന്നതിൽ അവിടന്ന് മുന്നിട്ടുനില്ക്കുകയും കൈ പിടിച്ചാൽ മറ്റേ ആൾക്കുമുമ്പേ അവിടന്ന് കൈ വലിക്കാതിരിക്കുകയും ചെയ്തിരുന്നു. തന്റെ കൂട്ടുകാർക്കിടയിൽ ഒരിക്കലും നബി(സ) കാലു നീട്ടിയിരുന്നിരുന്നില്ല. ആരു വന്നാലും അവിടന്ന് അവരെ ആദരിക്കുകയും ചില ഘട്ടങ്ങളിൽ അവർക്കിരിക്കാൻ തുണിവിരിക്കുകയും ചെയ്തിരുന്നു. അല്ലെങ്കിൽ താനുപയോഗിക്കുന്ന തലയിണ അവർക്ക് കൊടുക്കുകയും അതിലിരിക്കാൻ അവരെ നിർബന്ധിക്കുകയും ചെയ്തിരുന്നു. തന്റെ സ്വഹാബത്തിനെ അവരുടെ ഓമനപേരിലും അവരിഷ്ടപ്പെടുന്ന പേരിലുമാണ് വിളിച്ചിരുന്നത്. ആരുടെ സംസാരത്തെയും തടഞ്ഞിരുന്നില്ല. നമസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ ആരെങ്കിലും കാണാൻ വന്നതായി അറിഞ്ഞാൽ അവിടന്ന് ദീർഘമായി നമസ്കരിക്കാതെ ചുരുക്കുമായിരുന്നു. അയാളുടെ ആവശ്യം നിറവേറ്റിയതിനുശേഷം വീണ്ടും നമസ്കരിക്കുമായിരുന്നു. ഖുർആൻ ഇറങ്ങുമ്പോഴും മതോപദേശങ്ങൾ നല്കുമ്പോഴും ഖുത്ബ കൊടുക്കുമ്പോഴുമല്ലാത്ത അവസരങ്ങളിൽ സദാ നബി(സ) ജനങ്ങളിലേറ്റവുമധികം മന്ദസ്മിതനും പ്രസന്നവദനനുമായി കാണപ്പെട്ടിരുന്നു. നോക്കുക, ജീവിതഭാരത്തിന്റെയും ഉത്തരവാദിത്തങ്ങളുടെയും ചിന്തകളുടെയും ശത്രുക്കളുടെ ഭാഗത്തുനിന്നുള്ള കുത്തിപ്പറയലിന്റേയും ബുദ്ധിമുട്ടിക്കലിന്റേയുമെല്ലാം ഭാരം കുറയ്ക്കുന്നതിനുവേണ്ടി തന്റെ രക്ഷിതാവിന്റെ സന്നിധിയിൽ അവിടന്ന് ഹാജരാകുന്നു. എന്നാൽ, ആരെങ്കിലും കാണാൻ വന്നാലോ അവരുടെ കാര്യം ആദ്യം കേൾക്കുകയെന്നതാണ് ഉൽകൃഷ്ടസ്വഭാവത്തിന്റെ തേട്ടം. ക്ഷണത്തിൽ നമസ്കാരം ചുരുക്കുകയും എന്തിനാണ് വന്നതെന്ന് ചോദിച്ചുകൊണ്ട് മന്ദസ്മിതനായി അകത്തുനിന്നു ഇറങ്ങിവരികയും ചെയ്യുന്നു. അല്ലാഹു നിർദ്ദേശിച്ച പാഠങ്ങൾക്കനുസരിച്ച് ഈ ഉൽകൃഷ്ട സ്വഭാവങ്ങൾ ലോകത്ത് സ്ഥാപിക്കാനും ജനങ്ങൾക്ക് മാതൃകയായി തീരാനുമാണ് ഇതെല്ലാം സഹിക്കുന്നത്.

ഇനി നോക്കുക, ആളുകൾ തബർറുക്ക് അഥവാ പ്രസാദം സ്വീകരിക്കാനായി വരി വരിയായി നിൽക്കുകയാണ്. അവിടന്ന് വളരെ സന്തോഷത്തോടെ അവരുടെ ആഗ്രഹം നിറവേറ്റികൊടുക്കുന്നു. അവരിലധികവും കുട്ടികളും ദരിദ്രരുമാണ്. ഹസ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു. മദീന മുനവ്വറയിൽ താമസിച്ചിരുന്ന സേവകർ തങ്ങളുടെ പാത്രങ്ങളിൽ വെള്ളം നിറച്ചുകൊണ്ടുവരും. നബി(സ) സുബ്ഹി നമസ്കാരം കഴിഞ്ഞ് വന്ന് അവരുടെ പാത്രങ്ങളിൽ കൈമുക്കുന്നു. ചിലപ്പോൾ കഠിനമായ ശൈത്യവും ആ നേരത്തുണ്ടാകുമായിരുന്നു. ബർക്കത്തിനുവേണ്ടിയാണ് അവരങ്ങനെ ചെയ്തിരുന്നത്; വെള്ളത്തിന്റെ തബർറുക്കുമായി തിരിച്ചുപോകാൻ.

കുടുംബജീവിതം എങ്ങനെയായിരുന്നു. വേണമെങ്കിൽ ഒന്നുവിളിച്ചാൽ മുഴുഗ്രാമവും അവിടത്തെ സേവനത്തിന് സന്നദ്ധരാണ്. പക്ഷെ, ഉൽകൃഷ്ട സ്വഭാവങ്ങൾ നിലനാട്ടുന്നതിന് വേണ്ടിയായിരുന്നല്ലോ അവിടന്ന് വന്നത്. അതുകൊണ്ട് വ്യക്തിപരമായ തന്റെ പ്രവൃത്തികളിൽ ആരിൽനിന്നും സഹായം തേടിയില്ല. ഹശാം ബിൻ ഉർവ തന്റെ വന്ദ്യ പിതാവ് ഉർവ (റ) യിൽനിന്ന് നിവേദനം ചെയ്യുന്നു. ഹസ്റത്ത് ആയിശ(റ) യോട് ആരോ ചോദിച്ചു. വീട്ടിൽ നബി(സ) എന്തെങ്കിലും ജോലിയെടുക്കുമായിരുന്നോ? ഹസ്റത്ത് ആയിശ(റ) പറഞ്ഞു. അതെ, ചെയ്യുമായിരുന്നു. നബി(സ) തന്റെ ചെരുപ്പ് നന്നാക്കുകയും വസ്ത്രം തയിക്കുകയും ചെയ്തിരുന്നു. നിങ്ങളെല്ലാവരും നിങ്ങളുടെ വീട്ടിൽ പണിയെടുക്കുന്നതുപോലെ അവിടന്നും പണിയെടുക്കുമായിരുന്നു.

ഇക്കാലത്ത് ഒന്നു കണ്ണോടിച്ചുനോക്കുക, ഇന്നത്തെ 99 ശതമാനം പുരുഷന്മാരും ഷർട്ടിന്റെ ബട്ടൻസ് പൊട്ടുകയോ തയ്യൽ വിടുകയോ ചെയ്താൽ തങ്ങളുടെ ഭാര്യമാരോട് കോപിക്കുന്നവരാണ്. എന്നാൽ നബി(സ) സ്വന്തം കൈകൊണ്ട് അതെല്ലാം ചെയ്തിരുന്നു. ചിലപ്പോൾ വീടു അടിച്ചു വൃത്തിയാക്കുകയും ചെയ്തിരുന്നു.

അവിടത്തെ സുലളിതമായ ജീവിതവും ഉൽകൃഷ്ടസ്വഭാവഗുണങ്ങളും മറ്റൊരു നിവേദനത്തിൽ അല്പം വിശദീകരിച്ച് വന്നിട്ടുണ്ട്. ഹസ്റത്ത് അബൂ സഈദ് ഖുദ്രി (റ) നിവേദനം ചെയ്യുന്നു: നബി(സ) യുടെ ജീവിതം വളരെ വളരെ ലളിതമായിരുന്നു. ഒരു പ്രവൃത്തിയും വെറുപ്പോടെ കണ്ടിരുന്നില്ല. തന്റെ ഒട്ടകത്തിന് സ്വയം തീറ്റ കൊടുക്കും. വീട്ടുജോലികൾ ചെയ്യും. ചെരുപ്പുകൾ നന്നാക്കും. ഉടുപ്പുകീറിയാൽ കണ്ടം വെച്ച് തയ്ക്കും. ആടുകളെ കറക്കും. ജോലിക്കാരെ തന്റെ കൂടെയിരുത്തി ഭക്ഷണം കഴിപ്പിക്കും. മാവുകുഴയ്ക്കുമ്പോൾ അവർ ക്ഷീണിച്ചാൽ സഹായിക്കും. ചന്തയിൽനിന്ന് വീട്ടു സാധനങ്ങൾ വാങ്ങി വരുന്നതിൽ നാണിച്ചിരുന്നില്ല. സമ്പന്നന്മാർക്കും ദരിദ്രന്മാർക്കും കൈകൊടുക്കും. മുന്നിട്ടുസലാം പറയും. നിസ്സാരമായ കാരക്ക കൊണ്ട് ആരെങ്കിലും തക്കരിച്ചാൽ അവിടന്ന് അത് തരംതാണതായി കണ്ടിരുന്നില്ല. അവിടന്ന് അത് സ്വീകരിച്ചു. അവിടന്ന് അങ്ങേയറ്റം സഹതാപിയും മൃദുസ്വഭാവിയും വിനയപ്രകൃതിയുമുള്ള ആളായിരുന്നു. അവിടത്തെ ജീവിതരീതി അങ്ങേയറ്റം വെടിപ്പും വൃത്തി

യുമുള്ളതായിരുന്നു. സന്തോഷത്തോടെ ജനങ്ങളോട് പെരുമാറിയിരുന്നു. അവിടത്തെ മുഖത്ത് എപ്പോഴും പുഞ്ചിരി കളിയാടി. അവിടന്ന് അട്ടഹസിച്ച് ചിരിക്കുമായിരുന്നില്ല. അല്ലാഹുവിനോടുള്ള ഭയത്താൽ സദാ ചിന്താമഗ്നനായിരുന്നു. പരുഷമായ സംസാരമോ ശുഷ്കാവസ്ഥയോ പേരിനുപോലുമുണ്ടായിരുന്നില്ല. അങ്ങേയറ്റം വിനയാന്വിതനായിരുന്നു. എന്നാൽ, ബലഹീനതയുടെയും ധൈര്യമില്ലായ്മയുടെയും കലർപ്പൊന്നും അതിലുണ്ടായിരുന്നില്ല. വലിയ ധർമിഷ്ടനായിരുന്നു. പക്ഷെ, അനാവശ്യചെലവുകളിൽ നിന്നെല്ലാം എപ്പോഴും അകന്നുനിന്നു. മൃദുഹൃദയനും ദയാമയനും ഉദാരനുമായിരുന്നു. ഓരോ മുസൽമാനോടും ദയയോടെ പെരുമാറി. ഏമ്പക്കം വിടും വിധം വയറുനിറച്ച് തിന്നിരുന്നില്ല. അത്യാഗ്രഹത്തോടും അതിമോഹത്തോടും കൂടി ആരുടെ മുമ്പിലും കൈനീട്ടിയിരുന്നില്ല. മറിച്ച് ക്ഷമിക്കുകയും നന്ദി കാണിക്കുകയും ഉള്ളതിൽ തൃപ്തനാകുകയും ചെയ്തിരുന്നു. ഈ ക്ഷമയും നന്ദിയും ഭവ്യതയും ചെറുപ്പന്നെതന്നെ അവിടത്തെ പ്രകൃതിയിൽ അല്ലാഹു സൃഷ്ടിച്ചിരുന്നു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ)യുടെ പിതൃസഹോദരി കുട്ടികൾക്ക് ഭക്ഷണമോ മറ്റോ കൊടുക്കുമ്പോൾ അവിടന്ന് ഭവ്യതയോടെ ഒരു ഭാഗത്ത് മാറിയിരിക്കുകയും വിളിക്കുമ്പോൾ വളരെ ഭവ്യതയോടെ ചെന്ന് വാങ്ങി കഴിക്കുകയും ചെയ്തിരുന്നു.

നബി(സ) യുടെ സംസാരം എങ്ങനെയായിരുന്നു. ഹസ്റത്ത് ആയിശ(റ) പറയുന്നു: നബി(സ) നിറുത്തി നിറുത്തിയാണ് സംസാരിച്ചിരുന്നത്. അവിടത്തെ സംസാരങ്ങൾ പദങ്ങളായെണ്ണിക്കണക്കാക്കാവുന്നത്ര സ്പഷ്ടമായിരുന്നു. ജനങ്ങൾ വ്യക്തമായും കാര്യങ്ങൾ മനസ്സിലാക്കുന്നതിനും സംശയങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും വേണ്ടിയാണ് അവിടന്ന് നിറുത്തി നിറുത്തി സംസാരിച്ചിരുന്നത്. ഇന്ന കാര്യം മനസ്സിലായില്ല എന്ന് ആർക്കും പറയാൻ ഇടവരരുത്. എങ്കിലും ആരെങ്കിലും ചോദ്യം ആവർത്തിച്ചാൽ സാവധാനത്തോടെ സമാധാനം പറഞ്ഞിരുന്നു. ചിലപ്പോൾ ചില കാര്യങ്ങൾ ആവർത്തിച്ചാവർത്തിച്ച് പറയുമായിരുന്നുവെന്ന് നിവേദനങ്ങളിൽ വന്നിട്ടുണ്ട്. അവിടത്തെ മനോഹരമായ സംസാരശൈലിയേയും ഉത്കൃഷ്ടസ്വഭാവത്തെയും കുറിച്ച് ഹസ്റത്ത് ഹസ്സൻ ബിൻ അലി(റ) വിവരിക്കുന്നു. അദ്ദേഹം പറഞ്ഞു: ഞാൻ എന്റെ മാതുലൻ ഹിന്ദ്ബിൻ അബീഹാലായോട്, നബി(സ)യുടെ സംസാരരീതിയെക്കുറിച്ച് ചോദിച്ചു. അദ്ദേഹം പറഞ്ഞു. നബി(സ) സദാ ഗാഢ ചിന്തയിലായിരിക്കുന്നതുമാതിരി തോന്നിയിരുന്നു; ഏതോ ചിന്ത കാരണത്താൽ എന്തോ അസ്വസ്ഥത പോലെ. അധികവും അവിടന്ന് മൗനം പാലിച്ചു. അനാവശ്യമായി സംസാരിച്ചിരുന്നില്ല. സംസാരിക്കുമ്പോൾ വ്യക്തമായും വിശദമായും കാര്യങ്ങൾ പറഞ്ഞു. അവിടത്തെ സംസാരം ഹ്രസ്വവും എന്നാൽ സാഹിത്യ സമ്പുഷ്ടവും അർത്ഥ ഗാംഭീര്യമുള്ളതും യുക്തിഭദ്രവും എല്ലാ വിഷയവും ഉൾകൊള്ളുന്നതും, എന്നാൽ അമിതമായവാക്കുകൾ ഇല്ലാത്തതുമായിരുന്നു. അതിലെന്തെങ്കിലും കുറവോ സംശയമോ ഉണ്ടാകുമായിരുന്നില്ല. ആരെയും അപമാനിക്കുകയോ നിന്ദിക്കുകയോ ചെയ്തിരുന്നില്ല. പരിഹസിക്കുകയോ അവഹേളിക്കുകയോ ചെയ്തിരുന്നില്ല. ചെറുതിൽ ചെറുതായ അനുഗ്രഹത്തെപോലും വലുതായി കാണുകയും അല്ലാഹുവിന് ശുക്ർ ചെയ്യുകയും ചെയ്തിരുന്നു. കൃതജ്ഞതയുടെ വർണ്ണം വളരെ വ്യക്തമായിരുന്നു. രുചികരമോ അരുചികരമോ ആയതിന്റെ അടിസ്ഥാനത്തിൽ അശന പാനീയവസ്തുക്കളെ പുകഴ്ത്തുകയോ ഇകഴ്ത്തുകയോ ചെയ്തിരുന്നില്ല. എപ്പോഴും മധ്യമനിലയായിരുന്നു അവിടത്തെ രീതി. ഏതെങ്കിലും ഭൗതികകാരണത്താൽ ആരെയെങ്കിലും ദുഷിക്കുകയോ ദ്വേഷപ്പെടുകയോ ചെയ്തിരുന്നില്ല. എന്നാൽ, ആരുടെയെങ്കിലും അവകാശം ധ്വംസിക്കപ്പെട്ടാൽ, പിന്നെ അവിടത്തെ ദ്വേഷത്തിനുമുമ്പിൽ ആർക്കും പിടിച്ചു നിൽക്കാൻ കഴിഞ്ഞിരുന്നില്ല. അതിന്റെ പ്രതിവിധി ഉണ്ടാകാത്തിടത്തോളം സ്വസ്ഥനായി ഇരുന്നതുമില്ല. സ്വന്തം കാര്യത്തിനായി ഒരിക്കലും കോപിച്ചിരുന്നില്ല, അതിന് പകരം വീട്ടിയിരുന്നുമില്ല. എന്തെങ്കിലും ആംഗ്യം കാണിക്കുകയാണെങ്കിൽ മുഴുകൈ കൊണ്ടും കാണിക്കുമായിരുന്നു. വിരലുമാത്രം ചലിപ്പിക്കുമായിരുന്നില്ല. അത്ഭുതം പ്രകടിപ്പിക്കുമ്പോൾ കൈ കമഴ്ത്തിവെക്കുമായിരുന്നു. ഏതെങ്കിലും കാര്യം പറയുമ്പോൾ കൈകൊണ്ട് ശക്തി ചെലുത്തി പറയണമെങ്കിൽ വലതുകൈയുടെ ഉള്ളംകൈയിൽ ഇടതുകൈയിലെ തള്ളവിരൽകൊണ്ട് അമർത്തുമായിരുന്നു. അനിഷ്ടകരമായ എന്തെങ്കിലും കണ്ടാൽ മുഖം തിരിച്ചുകളയും. ചിരിക്കുമ്പോൾ കണ്ണുകൾ അല്പം അടഞ്ഞിരിക്കും. അട്ടഹസിച്ച് ചിരിക്കുമായിരുന്നില്ല. ചിരി വരുമ്പോൾ മുഖം പ്രസന്നമാകുകയും പുഞ്ചിരിതൂകുകയും ചെയ്തിരുന്നു. മഴക്കാലത്ത് പെയ്യുന്ന ആലിപ്പഴം പോലെ ചിരിക്കുമ്പോൾ പല്ല് പ്രകടമായിരുന്നു.

ഹസ്റത്ത് ബറാഅ് ബിൻ ആസിബ് (റ) വിവരിക്കുന്നു. നബി(സ) ഒരു ജോഡി ചെമപ്പ് വസ്ത്രം ധരിച്ചിരിക്കുന്നതായി ഞാൻ കണ്ടു. അവിടത്തെക്കാൾ സൗന്ദര്യവാനായി മറ്റാരെയും ഒരിക്കലും ഞാൻ കണ്ടിട്ടില്ല. ഹസ്റത്ത് ബറാഅ് ബിൻ ആസിബിനോട് ചോദിച്ചു. നബി(സ)യുടെ മുഖകമലം വാളുപോലെ നീണ്ടതും നേർത്തതുമായിരുന്നുവോ? അവിടന്ന് പറഞ്ഞു: അല്ല. ചന്ദ്രനെപ്പോലെ വട്ടമായതും തിളങ്ങുന്നതുമായിരുന്നു.

അറബികൾ ഈ ഉദാഹരണങ്ങൾ നല്ലവണ്ണം തിരയാറുണ്ട്. അറബികൾക്ക് അക്കാലത്ത് വളരെ പ്രധാനപ്പെട്ട ഒരു വസ്തുവായിരുന്നു വാൾ. പുരുഷത്വത്തിന്റെ അടയാളമായി അവർ അതിനെ കണ്ടി

രുന്നു. വാളിന്റെ ഉദാഹരണം അതുകൊണ്ടാണ് അവർ നല്കിയത്. എന്നാൽ, നബി(സ)യെ കണ്ട സ്വഹാബി പറഞ്ഞു. അങ്ങനെയല്ല. അത്തരം മുഖത്തിന്റെ ഉദാഹരണം ചന്ദ്രന്റേതാണ്. അത് വട്ടമായതും തിളങ്ങുന്നതുമാണ്. അതിൽ നിന്ന് ശാന്തമായ പ്രകാശവും പുറപ്പെടുന്നു. അത് സ്ഥിരം കണ്ടുകൊണ്ടിരിക്കാൻ മനസ്സ് എപ്പോഴും കൊതിക്കും. അത് മനുഷ്യനെ ആകർഷിക്കുന്നു. ആ മനോഹരമായ മുഖം ശാന്തസുരഭിലമായിരുന്നു. വാളിനോട് ഉപമിക്കാൻ പറ്റുകയില്ല. വാളിലുള്ളത് മുറിച്ച് നീക്കാനുള്ള ഗുണമാണ്. നമ്മുടെ നബി(സ)യുടെ സൗന്ദര്യം ഹൃദയങ്ങളെ തുന്നിച്ചേർക്കുന്ന സൗന്ദര്യമായിരുന്നു.

ഹസ്റത്ത് കഅ്ബ് ബിൻ മാലിക്ക് (റ) പറയുന്നു: ഞാൻ നബി(സ)ന് സലാം ചൊല്ലി. അവിടത്തെ മുഖം തിളങ്ങുന്നുണ്ടായിരുന്നു. സന്തോഷവാർത്തകേട്ടാൽ നബി(സ)യുടെ മുഖം ചന്ദ്രന്റെ കഷണം പോലെ പ്രകാശിക്കുമായിരുന്നു. ഇതിൽ നിന്ന് അവിടത്തെ സന്തോഷം ഞങ്ങൾക്ക് മനസ്സിലാക്കാൻ സാധിച്ചിരുന്നു.

ജാബിർബിൻ സംറ (റ) വിവരിക്കുന്നു. ഞാൻ നബി(സ)യെ നിലാവുള്ള രാത്രിയിൽ കണ്ടു. അവിടന്ന് ചെമപ്പുനിറമുള്ള വസ്ത്രം അണിഞ്ഞിരുന്നു. ഞാൻ നബിയേയും ചന്ദ്രനേയും മാറി മാറി നോക്കി. എന്റെ ദൃഷ്ടിയിൽ നബി(സ) തീർച്ചയായും **അഹ്സനു മിനൽ ഖമർ**, പതിനാലാം രാവിലെ ചന്ദ്രനെക്കാൾ സൗന്ദര്യവാനായിരുന്നു.

അവിടത്തെ സൗന്ദര്യത്തെയും ഭംഗിയേയും മുഖകാന്തിയേയും സ്വഭാവത്തെയും കുറിച്ച് വിശദീകരിച്ചിട്ടുള്ള ഒരു നിവേദനമുണ്ട്. ഹസ്റത്ത് ഹസ്സൻ ബിൻ അലി (റ) വിവരിക്കുന്നു. നബിയുടെ രൂപലാവണ്യം വിവരിക്കുന്നതിൽ നിപുണനായിരുന്ന എന്റെ മാതുലൻ ഹിന്ദ് ബിൻ അബീ ഹാലായോട് എനിക്ക് സൂക്ഷിച്ചുവെക്കാൻ വേണ്ടി ഞാൻ നബി(സ)യുടെ രൂപലാവണ്യത്തെക്കുറിച്ച് ചോദിച്ചു. അവിടന്ന് പറഞ്ഞു: നബി(സ) സുമുഖനും സൗന്ദര്യവാനും ആദരയുക്തമായ ഭയമുളവാക്കുന്ന ആളുമായിരുന്നു. പതിനാലാം രാവിലെ ചന്ദ്രനെപ്പോലെ അവിടത്തെ മുഖം വിളങ്ങി. അധികം നീണ്ടതും കുറിയതും തടിച്ചതും മെലിഞ്ഞതുമല്ലാത്ത ശരീരം. കറുപ്പ് അധികമായ കൃഷ്ണമണികളോടും ചെമപ്പോട് കലർന്ന വെളുപ്പുള്ള മിഴികളോടും തിങ്ങിയ ഇമകളോടും കൂടി നീണ്ട വിശാലമായ നയനങ്ങൾ. അന്യാദൃശമായ ശുഷ്കാന്തിയും കോമളവും തേജസ്സും. സമ്പൂർണ്ണമായ മുഖം കുറച്ചൊന്നു വളഞ്ഞ് നിൽക്കുന്നതും തട്ടുയർന്നതുമായ മൂക്ക്. അല്പാല്പം അകന്നുനില്ക്കുന്ന മുൻ പല്ലുകൾ. വിശാലമായ നെറ്റിത്തടം. തിങ്ങിവളർന്ന വട്ടത്താടി. നെഞ്ചിന് സമനിരപ്പുള്ള വയർ. വലിപ്പമുള്ള ചുമൽ. ചേർച്ചയും ഭംഗിയുമുള്ള കഴുത്ത്. മുഴുപ്പും ശക്തിയുമുള്ള കൈകാലുകൾ. വിശാലതയും വടിവുമുള്ള പാദങ്ങളും കരങ്ങളും. വിരലുകൾ നീളമുള്ളതും സുന്ദരവും. ചുവടുവെക്കുമ്പോൾ പൂർണ്ണമായും ഉയർത്തും. ഗമനം ഭവ്യതയോടെ. മുകളിൽനിന്നിറങ്ങുന്നതുപോലെ അല്പം വേഗം. ആരെയെങ്കിലും നോക്കുകയാണെങ്കിൽ പൂർണമായും തിരിഞ്ഞ് നോക്കും. ദൃഷ്ടി എപ്പോഴും താഴോട്ട്. ആകാശത്തേക്കാൾ കൂടുതൽ ഭൂമിയിലാണ് അവിടത്തെ ദൃഷ്ടി പതിക്കുന്നതെന്ന് തോന്നും. തന്റെ സ്വഹാബത്തിന്റെ പിന്നാലെ നടക്കും. അവരെ ശ്രദ്ധിക്കും. കാണുന്നവരോടെല്ലാം മുന്നിട്ടു സലാം പറയും.

ഇതു നബി(സ)യുടെ പുണ്യശരീരത്തേയും ഉത്തമമായ സ്വഭാവത്തെയും കുറിച്ചുള്ള വിവരണമാണ്. മനുഷ്യകഴിവിന്നധീനമായിട്ടുള്ള വിവരണമാണ് നാം വായിച്ചത്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുകയുണ്ടായി, അവിടത്തെ മഹത്തായ ധാർമികഗുണങ്ങളെ സമ്പൂർണമായും വലയം ചെയ്തവതരിപ്പിക്കുക അസാധ്യമാണ്. വിവരിച്ചതിനെക്കാളൊക്കെ അതീതമായിരിക്കും അതെന്നത് സംശയമില്ല.

അവിടത്തെ സൗന്ദര്യത്തെക്കുറിച്ച് ഹസ്റത്ത് അബൂഹുറയ്റ (റ) പറയുന്നു. നബി(സ) യുടെ പുണ്യശരീരം വെള്ളികൊണ്ട് വാർത്തെടുത്തതുപോലെ അത്രമാത്രം സ്വച്ഛവും സുന്ദരവും മനോഹരവുമായിരുന്നു. ഞാൻ നബിയെക്കാൾ സൗന്ദര്യവാനായി മറ്റാരെയും കണ്ടിട്ടില്ല. അവിടത്തെ മുഖകമലം പ്രകാശിക്കുന്ന സൂര്യനെപ്പോലെയായിരുന്നു. നടത്തത്തിൽ അവിടത്തെക്കാൾ വേഗം മറ്റാരിലും കണ്ടില്ല. ഭൂമി അവിടത്തെ മുമ്പിൽ ചുരുങ്ങിക്കൊണ്ടിരുന്നതുപോലെതോന്നി. നബി(സ)ന്റെ സാധാരണനടത്തത്തിലും അവിടത്തോടൊപ്പം നടന്നെത്താൻ ഞങ്ങൾക്ക് പാടുപെടേണ്ടിവന്നു.

ഹസ്റത്ത് അനസ് (റ) വിവരിക്കുന്നു. നബി(സ) രക്തവർണ്ണം തുളുമ്പുന്ന ശോഭയേറിയ വെളുപ്പ് നിറമുള്ള ആളായിരുന്നു. അവിടത്തെ നെഞ്ച് മുത്തുപോലെ ദൃശ്യമായിരുന്നു. നബി(സ) നടക്കുമ്പോൾ കയറ്റത്തിൽനിന്ന് ഇറങ്ങുന്നതുപോലെയാണ് നടന്നിരുന്നത്.

അവിടത്തെ കൈയുടെ മൃദുലാവസ്ഥയെക്കുറിച്ച് ഹസ്റത്ത് അനസ് (റ) പറയുന്നു. നബി(സ)യുടെ ഉള്ളംകൈയിനേക്കാൾ മൃദുലമായ കമ്പിളിയോ കമ്പിളി വസ്ത്രമോ ഞാൻ സ്പർശിച്ചിട്ടില്ല. വീട്ടുജോലികളും അവിടന്ന് ചെയ്തിരുന്നു. യുദ്ധങ്ങളിലും അവിടന്ന് പങ്കെടുത്തിരുന്നു. എല്ലാ സഹാബിമാരേക്കാളും ശക്തവാനുമായിരുന്നു. അഹ്സാബ് യുദ്ധാവസരത്തിൽ ഒരു പാറപൊട്ടിക്കാൻ സ്വഹാബത്തിന് കഴിഞ്ഞില്ല. നബി(സ)യുടെ ശക്തി അതിനെ കഷണം കഷണമാക്കി. മൃദുലമായ കരമെന്നു കേൾക്കുമ്പോൾ ആ കൈകൾ കഠിനാധ്വാനം ചെയ്തിട്ടില്ലെന്ന് തെറ്റിദ്ധരിക്കരുത്. ആ കരമായിരുന്നു ഏറ്റവുമധികം അധ്വാനിച്ചിരുന്നത്. അതിനൊരുപാട്

ഉദാഹരണങ്ങളുണ്ട്.

നബി(സ)ന് സുഗന്ധം വളരെ ഇഷ്ടമായിരുന്നു. സുഗന്ധം പൂശുമായിരുന്നു. ഹസ്റത്ത് ജാബിർ ബിൻ സംറ(റ) പറയുന്നു: ഞാൻ നബിയോടൊപ്പം ളുഹ്ർ നമസ്കരിച്ചു. പിന്നീട് അവിടന്ന് വീട്ടിലേക്ക് പോയി. ഞാനും കൂടെ പോയി. കുറെ കുട്ടികൾ നബിയുടെ മുമ്പിൽവന്നു. നബി(സ) ഓരോരുത്തരുടെയും കവിളുകൾ തടവി ഓമനിച്ചു. നിവേദകൻ പറയുന്നു. നബി(സ) എന്റെ കവിളിലും തടവി. നബി(സ)യുടെ കൈ തണുത്തിരിക്കുന്നതായും അതിൽ നിന്ന് സുഗന്ധം പുറപ്പെടുന്നതായും എനിക്കനുഭവപ്പെട്ടു; അത്തർ കുപ്പിയിൽ കൈമുക്കി പുറത്തെടുത്തത് പോലെ.

നബി(സ)യുടെ ലജ്ജയെക്കുറിച്ചും നിവേദനങ്ങൾ വന്നിട്ടുണ്ട്. അതിലും നബിയോട് കിടപിടിക്കാൻ ആർക്കും സാധ്യമല്ല. ലജ്ജ ഈമാനിന്റെ ഭാഗമാണെന്നും അവിടന്ന് പറഞ്ഞിരിക്കുന്നു. കുട്ടിക്കാലത്തും നബിയിൽ ഇത് ദൃശ്യമായിരുന്നു. ഒരിക്കൽ വസ്ത്രം അല്പം മുകളിലോട്ട് കയറിയപ്പോൾ താൻ നഗ്നനായിപ്പോയിയെന്ന് നബിയ്ക്ക് തോന്നി. വല്ലാത്ത വേവലാതിയായി. വാസ്തവത്തിൽ അതിനുംമാത്രമൊന്നും അവിടെ സംഭവിച്ചിരുന്നില്ല. പ്രായം വളരെ കുറവുമായിരുന്നു. എന്നിട്ടും, അവിടത്തെ ലജ്ജ നിറഞ്ഞ പ്രകൃതി അതുപോലും സഹിക്കാൻ തയ്യാറായില്ല. തന്റെ മാതൃക നബി(സ)ന് നിലനാട്ടുകയും വേണമായിരുന്നു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂ സഈദ് ഖുദ്രി (റ) വിവരിക്കുന്നു. നബി(സ) തിരുമേനി പർദയിലിരിക്കുന്ന കന്യകയെക്കാൾ ലജ്ജയുള്ളവരായിരുന്നു. വല്ലകാര്യത്തെക്കുറിച്ചും വെറുപ്പുണ്ടായാൽ അവിടത്തെ മുഖത്തുനിന്നും ഞങ്ങൾ അത് മനസ്സിലാക്കുമായിരുന്നു. എന്താണ് അവിടന്ന് ആഗ്രഹിക്കുന്നതെന്ന് നബിയുടെ മുഖത്ത് നിന്ന് സഹാബത്ത് തിരിച്ചറിയുകയും അത് തങ്ങളുടെ ജീവിതത്തിൽ പകർത്തുകയും ചെയ്തിരുന്നു.

ഹസ്റത്ത് ഹസ്സാൻ ബിൻ ഥാബിത് (റ) ഒരു ഖസീദയിൽ പറയുന്നു: നിന്നെക്കാൾ വലിയ സൗന്ദര്യവാനെ എന്റെ കണ്ണുകൾ ഒരിക്കലും കണ്ടിട്ടില്ല. നിന്നെക്കാൾ സൗന്ദര്യമുള്ള ഒരു കുട്ടിയെയും ഒരു സ്ത്രീയും പ്രസവിച്ചിട്ടുമില്ല. എല്ലാ ന്യൂനതകളിൽനിന്നും കുറവുകളിൽനിന്നും പരിശുദ്ധനായി അവിടന്ന് സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഏതുരീതിയിൽ അങ്ങ് ആഗ്രഹിച്ചുവോ അതുപോലെതന്നെ അവിടന്ന് ഈ ലോകത്ത് ആഗതരായി.

അതാഅ് ബിൻ നിസാർ നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു. ഞാൻ ഹസ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ് ബിൻ ആസ് (റ)നെ കണ്ടു. തൗറാത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതും നബി(സ)യിൽ കണ്ടിട്ടുള്ളതുമായ ഏതെങ്കിലും അടയാളം പറഞ്ഞുതരാൻ ഞാൻ പറഞ്ഞു. അദ്ദേഹം പറഞ്ഞു: അല്ലാഹുവാണ! നബി(സ)യെക്കുറിച്ച് തൗറാത്തിൽ പറഞ്ഞിട്ടുള്ള ചില സവിശേഷഗുണങ്ങൾ വിശുദ്ധഖുർആനിലുണ്ട്. ഉദാഹരണത്തിന്, ***യാ അയ്യുഹന്നബിയ്യു ഇന്നാ അർസൽനാക്ക ശാഹിദാ*** എന്ന വചനം. ഏ നബി, നാം നിന്നെ സാക്ഷിയായിക്കൊണ്ട് അയച്ചിരിക്കുന്നു. മനുഷ്യകുലത്തിന്റെ സംരക്ഷണത്തിനുള്ള മാർഗ്ഗമാക്കിയിരിക്കുന്നു. നീ എന്റെ ദാസനും റസൂലുമാണ്. ഞാൻ നിന്റെ നാമം ***മുത്തവക്കൽ*** എന്നു വെച്ചിരിക്കുന്നു. നീ ദുസ്വഭാവിയോ ചീത്തപറയുന്നവനോ കഠിനഹൃദയനോ അല്ല. നീ ബാസാറിൽ ബഹളം വയ്ക്കുന്നവനുമല്ല. തിന്മയുടെ പ്രതികാരം തിന്മകൊണ്ട് ചെയ്യുന്നില്ല. നീ വിട്ടുവീഴ്ച ചെയ്യുകയും മാപ്പു കൊടുക്കുകയും ചെയ്യുന്നു. വഴിപിഴച്ചുപോയ ഒരു ജനതയെ നേരായ പാതയിൽ കൊണ്ടുവരുന്നതുവരെ അല്ലാഹു അദ്ദേഹത്തെ മരിപ്പിക്കുകയില്ല.

ഭൗതികരായ ആളുകൾ എന്തെങ്കിലും നന്മ ചെയ്താൽ അല്ലെങ്കിൽ നന്മ ചെയ്യാൻ പരിശ്രമിച്ചാൽ നന്മ പ്രകടിപ്പിക്കുന്നതിനുവേണ്ടി താല്ക്കാലികമായി കഠിനമായ വഴി സ്വീകരിക്കാറുണ്ട്. താല്ക്കാലികമെന്നുപറയാൻ കാരണം, സ്ഥിരമായിട്ടുള്ള പ്രവർത്തനം അവരിലുണ്ടാകാത്തതുകൊണ്ടാണ്. അവർ കാണിക്കുന്നതിനുവേണ്ടിയാണ് അത് ചെയ്യുന്നത്. എന്നാൽ നബി(സ) യുടെ മാതൃക എന്താണ്. ഹസ്റത്ത് ആയിശ(റ) പറയുന്നു. നബി(സ) രണ്ടുകാര്യങ്ങളിലൊന്ന് സ്വീകരിക്കേണ്ടിവന്നാൽ അവിടന്ന് എളുപ്പമുള്ളതാണ് സ്വീകരിച്ചിരുന്നത്; അതിൽ പാപം ഉണ്ടാകരുതെന്ന് മാത്രം. എളുപ്പമുള്ളകാര്യത്തിൽ പാപമുണ്ടെന്ന് ശങ്കയുണ്ടെങ്കിൽ അവിടന്ന് എല്ലാവരെക്കാളും ഇക്കാര്യത്തിൽ അകലത്തായിരിക്കും. തന്റെ സ്വന്തം കാര്യത്തിനായി നബി(സ) ആരോടും പകരം വീട്ടിയില്ല. ആരെങ്കിലും അല്ലാഹുവിനെ അപമാനിക്കുകയാണെങ്കിൽ അല്ലാഹുവിനുവേണ്ടി ശിക്ഷ കൊടുത്തിരുന്നു. അവിടത്തെ ഓരോ വാക്കും പ്രവൃത്തിയും അല്ലാഹുവിന്റെ തൃപ്തിയ്ക്കുവേണ്ടിയായിരുന്നു. എല്ലാ പ്രവൃത്തിയിലും എളുപ്പമായ വഴി തേടുമായിരുന്നു. അല്ലാഹുവിന്റെ കല്പന എന്താണെന്ന് നോക്കിക്കൊണ്ടായിരുന്നു അവിടന്ന് എളുപ്പവും പ്രയാസമുള്ളതുമായ കാര്യങ്ങൾ തീരുമാനിച്ചിരുന്നത്. ആരോടെങ്കിലും പകരം വീട്ടിയിട്ടുണ്ടെങ്കിൽ അല്ലാഹുവിന്റെ അഭിമാനത്തിനുവേണ്ടിയായിരുന്നുഅത്. സ്വന്തം താല്പര്യത്തിന് വഴങ്ങിയല്ല. അവിടത്തെ ഭക്ഷണം അങ്ങേയറ്റം ലളിതമായിരുന്നു.

ഹസ്റത്ത് അനസ് (റ) ഒരു സൽക്കാരത്തെക്കുറിച്ച് പറയുന്നു. നബി(സ) ഒരു വിരുന്നിന് പോയി. ഞാനും കൂടെ ഉണ്ടായിരുന്നു. യവംകൊണ്ടുള്ള റൊട്ടിയും ചുരങ്ങയും ഇറച്ചിയുംകൂടി പാകം ചെയ്ത കറിയുമാണ് ഉണ്ടായിരുന്നത്. നബി(സ)യ്ക്ക് ചുരങ്ങ ഇഷ്ടമായിരുന്നു. അവിടന്ന് കറിയിൽനിന്ന് ചുരങ്ങ

തിരഞ്ഞ് തിരഞ്ഞെടുത്ത് തിന്നുകൊണ്ടിരുന്നു. അങ്ങനെ എനിയ്ക്കും ചുരങ്ങയോട് താല്പര്യമുണ്ടായി.

ഇക്കാലത്ത് ഏതെങ്കിലും സൽക്കാരത്തിൽ ചുരങ്ങ കൊടുത്താൽ ആൾക്കാർക്ക് തൃപ്തി വരില്ല. അത് നാണക്കേടാണ്. അക്കാലത്ത് ദിനങ്ങളോളം പട്ടിണി കിടക്കുന്ന അവസ്ഥയായിരുന്നു. ഹസ്റത്ത് ആയിശ(റ) പറയുന്നു: നബി(സ) ഭക്ഷണത്തിൽ മധുരമുള്ള വസ്തുക്കളും തേനും ഇഷ്ടപ്പെട്ടിരുന്നു. ഹസ്റത്ത് ഇബ്നു അബ്ബാസ് (റ) പറയുന്നു: നബി(സ)യും കുടുംബവും ദിനങ്ങളോളം പട്ടിണി കിടക്കാറുണ്ടായിരുന്നു.

ഭക്ഷണത്തെക്കുറിച്ച് പറഞ്ഞപ്പോൾ മധുര പലഹാരം ഉണ്ടെങ്കിൽ മാത്രമെ കഴിക്കൂ, ഇല്ലെങ്കിൽ കഴിക്കുകയില്ല എന്നൊന്നും അതിനർത്ഥമില്ല. കിട്ടിയാൽ അൽഹംദുലില്ലാഹ്, ഇല്ലെങ്കിൽ ഒരു വ്യത്യാസവും ഉണ്ടാവുകയില്ല. നബി(സ) വിശപ്പ് സഹിക്കാൻ മാത്രമല്ല ഉപദേശിച്ചിരുന്നത്. സ്വയം വിശപ്പ് സഹിക്കുകയും ചെയ്തിരുന്നു. വല്ലതും കഴിക്കാനുണ്ടോ എന്ന് വീട്ടുകാരോട് ചോദിക്കും. ഇല്ലെന്നുള്ള മറുപടിയാണെങ്കിൽ പറയും, ശരി ഇന്നു നോമ്പു നോക്കാം. നോമ്പുകൾ മിക്കതും ഇങ്ങനെ തന്നെയായിരുന്നു. രാത്രിയിൽ ഭക്ഷണം കഴിക്കും. പിന്നീട് 24 മണിക്കൂറിനുശേഷം എന്തെങ്കിലും കഴിച്ച് നോമ്പു തുറക്കും.

ഖന്തഖ് യുദ്ധത്തിൽ സ്വഹാബത്ത് അതികഠിനമായ വിശപ്പുകൊണ്ട് വയറ്റിൽ കല്ലുവെച്ചുകെട്ടി. നബി(സ)യെ അത് കാണിച്ചു. അപ്പോൾ അവിടന്ന് തന്റെ ഉടുപ്പും അല്പം ഉയർത്തി. നബി(സ) രണ്ട് കല്ല് വയറ്റിൽ കെട്ടിയിരുന്നു. ചുരുക്കത്തിൽ സ്വഹാബത്ത് ഏതെങ്കിലും പ്രയാസത്തിൽ അകപ്പെട്ടിരുന്നെങ്കിൽ ഏറ്റവുമാദ്യം നബി(സ) ആ പ്രയാസത്തിൽ, തന്നെ അകപ്പെടുത്തിയിട്ടുണ്ടാകും. മാതൃക സ്ഥാപിക്കുന്നതിനുവേണ്ടിയായിരുന്നു ഇത്. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. നമ്മുടെ നബി(സ)യിലേക്ക് നോക്കുക. നുബുവ്വത്തിന്റെ കാലഘട്ടങ്ങളിൽ 13 വർഷം പീഡനങ്ങളുടെയും വിഷമങ്ങളുടെയുമായിരുന്നു. 10 വർഷം ശക്തിയുടെയും ഭരണത്തിന്റെയും. എതിരിൽ ഒരുപാട് ജനതയുണ്ടായിരുന്നു. ഒന്നാമതായി തന്റെ ജനത തന്നെ. പിന്നെയഹൂദികളും ക്രിസ്ത്യാനികളും ബിംബാരാധകരും മജൂസികളും തുടങ്ങിയവരായിരുന്നു. എന്തായിരുന്നു ഇവരുടെ പ്രവൃത്തി. ബിംബാരാധന. ഈ ബിംബങ്ങൾക്കെതിരിൽ അവർ ഒരു പ്രവൃത്തിയും ചെയ്തിരുന്നില്ല. മദ്യമാണെങ്കിലോ, ദിവസം അഞ്ചോ ഏഴോ തവണ കുടിച്ചിരുന്നു. വെള്ളത്തിനുപകരം മദ്യമായിരുന്നു അവർ ഉപയോഗിച്ചിരുന്നത്. നിഷിദ്ധ വസ്തുക്കൾ അവർക്കറിയില്ലായിരുന്നു. കൊലയും കൊള്ളയും ക്യാരറ്റു മുറിക്കുന്നതുപോലെ. ചുരുക്കത്തിൽ ലോകത്തുള്ള എല്ലാ അഴുക്കിന്റെയും പിഴിഞ്ഞെടുത്ത ചാറ് അവരിൽ കാണാമായിരുന്നു. ഈ ജനതയെ അതിൽ നിന്ന് പിന്തിരിപ്പിക്കുകയും പിന്നീടവരെ സംസ്കരിച്ചെടുക്കുകയും ചെയ്യുക എളുപ്പമുള്ള കാര്യമല്ലായിരുന്നു. പ്രത്യേകിച്ച് ഒറ്റയ്ക്കും തനിച്ചും നിസ്സഹായകനുമായിരുന്ന കാലത്ത്. ചിലപ്പോൾ ഭക്ഷണമെന്തെങ്കിലും കിട്ടും. ഇല്ലെങ്കിൽ പട്ടിണികിടക്കും. കൂടെയുള്ളവരുടെ അവസ്ഥയും ഇതുപോലെതന്നെ. നിസ്സഹായരും നിരാലംബരും. അവിടെയും ഇവിടെയും മാറി മാറി ജീവിതം കഴിച്ചുകൂട്ടുന്നു. അവസാനം സ്വന്തം നാട്ടിൽ നിന്ന് പുറത്തുമായി.

മറ്റൊരു കാലം വന്നു. അറേബ്യ മുഴുവനും ഒരറ്റം മുതൽ മറ്റേ അറ്റം വരെ അടിമകളായി. എതിരിൽ ഒന്നു മിണ്ടാൻ പോലും ആർക്കും ധൈര്യമുണ്ടായില്ല. അങ്ങനെയുള്ള ആധിപത്യവും റുഅ്ബും അല്ലാഹുതആല നബി(സ)യ്ക്ക് നല്കി. ആഗ്രഹിച്ചിരുന്നെങ്കിൽ അറേബ്യ മുഴുവനുമുള്ള ജനങ്ങളെ വധിക്കാമായിരുന്നു. സ്വേച്ഛാധിപതിയായ മനുഷ്യനായിരുന്നെങ്കിൽ, തന്നോടു കാണിച്ചതിനൊക്കെ പകരം വീട്ടാനുള്ള നല്ല അവസരമായിരുന്നു അത്. മക്കയെ ജയിച്ചടക്കിയപ്പോൾ ***ലാ തസ്രീബ അലയ്ക്കും*** (പോകുക, ഇന്ന് നിങ്ങളുടെ പേരിൽ ഒരു കുറ്റാരോപണവുമില്ല) എന്ന് വിളംബരം ചെയ്തു.

ചുരുക്കത്തിൽ ഈ രണ്ടുകാലവും നബി(സ) കാണുകയുണ്ടായി. രണ്ടുകാലത്തും ഒരുപാട് അവസരങ്ങളും ലഭിച്ചു. പക്ഷെ, എടുത്തുചാട്ടമോ തിളച്ചുമറിയലോ ഒന്നും ഉണ്ടായിരുന്നില്ല. നബി(സ)യുടെ ഉത്തമസ്വഭാവങ്ങളെ പൂർണ്ണമായും പരീക്ഷിച്ചുകഴിഞ്ഞിരുന്നു. അവിടത്തെ സഹനം, സത്യം, ഔദാര്യം, സമഭാവന, നീതി, ലജ്ജ, ക്ഷമ, ധൈര്യം തുടങ്ങിയെല്ലാം വെളിപ്പെട്ടു കഴിഞ്ഞിരുന്നു. ഒന്നും തന്നെ ഇനി വെളിപ്പെടാൻ ബാക്കിയുണ്ടായിരുന്നില്ല.

പറയുന്നു: ആ മനുഷ്യൻ തന്റെ വ്യക്തിത്വം കൊണ്ടും ഗുണങ്ങൾ കൊണ്ടും പ്രവർത്തനങ്ങൾ കൊണ്ടും തന്റെ കർമ്മവും തന്റെ ആത്മീയതയും പരിശുദ്ധമായ ശക്തിപ്രഭാവവുംകൊണ്ട് തികവുറ്റ മാതൃക പ്രവർത്തനപരവും ജ്ഞാനപരവും സത്യപരവും ദൃഢപരവുമായ നിലയിൽ കാണിച്ചു. അങ്ങനെ സമ്പൂർണ മനുഷ്യൻ എന്നു പറയപ്പെട്ടു.

അതായത് തന്റെ എല്ലാ കർമ്മങ്ങൾകൊണ്ടും ഉദാത്തമായ മാതൃക കാണിച്ചു. ആ മനുഷ്യൻ ഏറ്റവുമധികം പരിപൂർണ്ണനും സമ്പൂർണ്ണ മനുഷ്യനുമായിരുന്നു. സമ്പൂർണ്ണ നബിയായിരുന്നു. സമ്പൂർണ്ണമായ അനുഗ്രഹങ്ങളുമായി വന്നു. അദ്ദേഹത്തിന്റെ ആഗമനകാലം ജനങ്ങളുടെ അക്രമങ്ങളാൽ ലോകത്തെ, ആദ്യത്തെ ഖിയാമത്ത് പ്രകടമായ കാലമായിരുന്നു. മരിച്ചുകിടന്ന ഒരു ലോകം ആ മഹാത്മാവിന്റെ വരവോടെ ജീവിച്ചു. ആ അനുഗൃഹീത നബി ഹസ്റത്ത് ഖാത്തമുൽ അമ്പിയാഅ്, ഇമാമുൽ

അസ്ഫിയാഅ്, ഖത്തമുൽ മുർസലീൻ, ഫഖറുന്നബി യ്യീൻ, ജനാബ് മുഹമ്മദ് മുസ്തഫാ (സ) ആണ്. അല്ലാഹുവേ, ഈ പ്രിയങ്കരനായ നബിയുടെ മേൽ ലോകാരംഭം മുതൽ ഇന്നുവരെ ആരിലും ചൊരി യാത്ത സ്വലാത്തും സ്വലാമും ചൊരിയേണമേ. ഈ മഹാനായ പ്രവാചകൻ ലോകത്ത് വന്നില്ലായിരുന്നെ ങ്കിൽ എത്രത്തോളം ചെറിയ ചെറിയ നബിമാർ ലോകത്ത് വന്നുവോ അതായത് യൂനുസ്, ലൂത്ത്, മസീഹിബ്നു മർയം, മലാഖി, യഹ്‌യ, സക്രിയ്യ (അ) തുടങ്ങിയവരെപ്പോലെ - അവരുടെ സത്യതയ്ക്ക് നമ്മുടെ പക്കൽ ഒരു തെളിവുമുണ്ടായിരുന്നില്ല; അവ രെല്ലാവരും ദൈവസാമിപ്യം പ്രാപിച്ചവരും അല്ലാ ഹുവിന് പ്രിയപ്പെട്ടവരുമായിരുന്നുവെങ്കിലും. ഇവ രെല്ലാം സത്യവാന്മാരായി മനസ്സിലാക്കപ്പെട്ടുവെന്നത് നമ്മുടെ നബിയുടെ ഔദാര്യമാണ്.

***അല്ലാഹുമ്മ സ്വല്ലി വസല്ലിം വബാരിഖ് അലൈഹി വാ ആലിഹി വ അസ്ഹാബിഹി അജ്മഈൻ. വാ ആഖിറു ദഅ്‌വാന അനിൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ.***

അവിടന്ന് നമ്മെ ഉപദേശിച്ചുകൊണ്ട് പറയു ന്നു. നബി(സ)യുടെ കർമ്മങ്ങൾ അല്ലാഹുവിന് വളരെ ഇഷ്ടപ്പെട്ടു. എത്രമാത്രമെന്നാൽ, വരും തല മുറ കൃതജ്ഞതയെന്നനിലയിൽ നബിയുടെ മേൽ സ്വലാത്ത് ചൊല്ലാൻ അല്ലാഹു എന്നെന്നേക്കുമായി കല്പിച്ചു.

***അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ അലാ ആലി മുഹമ്മദിൻ വബാരിക് വ സല്ലിം ഇന്നക്ക ഹമീദുൻമ്മജീദ്.***

**വിവർത്തനം** : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ
**MOBILE : 98951 26027**

**MTA** യിൽ നിന്ന് തർജ്ജമ ചെയ്തത്

JUMUA KHUTHBA
**HADHRAT MIRZA MASROOR AHMAD**
KHALIFATHUL MASIH - V
on
25 - 02 - 2005
at
Baithul Futuh, London.

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**